# തിരുവനന്തപുരം സിറ്റി പോലീസ്

പത്രക്കുറിപ്പ്

# വോട്ടെണ്ണൽ ദിവസം തലസ്ഥാനത്ത് വിപുലമായ പോലീസ് സുരക്ഷാക്രമീകരണം

## അന്നേ ദിവസം വോട്ടെണ്ണൽ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക ഗതാഗതനിയന്ത്രണം

കോവിഡ്-19

## വിലക്ക് ലംഘനം: 332 പേർക്കെതിരെ നിയമനടപടി

## 1,22,500/- രൂപ പിഴ ഈടാക്കി

### വോട്ടെണ്ണൽ ദിവസം തലസ്ഥാനത്ത് വിപുലമായ പോലീസ് സുരക്ഷാക്രമീകരണം

തിരുവനന്തപുരം :- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഇലക്ഷൻ-2020 വോട്ടെണ്ണലിനോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ സിറ്റി പോലീസിന്റെ വിപുലമായ സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. തിരുവനന്തപുരം കോർപ്പറേഷനിലെ വോട്ടെണ്ണൽ കേന്ദ്രമായ നാലാഞ്ചിറ മാർ ഇവാനിയോസ് വിദ്യാനഗറിലെ സർവോദയ ഐ.സി.എസ്.ഇ സ്കൂളിലും, പോത്തൻകോട് ബ്ലോക്കിലെ വോട്ടെണ്ണൽ കേന്ദ്രമായ കഴക്കൂട്ടം ഹയർ സെക്കന്ററി സ്കൂളിലുമാണ് തിരുവനന്തപുരം സിറ്റി പോലീസ് വിപുലമായ സുരക്ഷാക്രമീകരണങ്ങൾ ഒരുക്കിയിട്ടുള്ളത്. സിറ്റി പോലീസ് കമ്മീഷണർ, ഡെപ്യൂട്ടി പോലീസ് കമ്മീഷണർ (ക്രമസമാധാനം)

ഡോ.ദിവ്യ.വി.ഗോപിനാഥ് എന്നിവരുടെ നേതൃത്വത്തിൽ 750-ഓളം പോലീസ് ഉദ്യോഗസ്ഥരെയാണ് ഡ്യൂട്ടിയ്ക്കായി നിയോഗിച്ചിട്ടുള്ളത്. കൌണ്ടിംഗ് സെന്ററുകൾ, പരിസരപ്രദേശങ്ങൾ, വോട്ടെണ്ണൽ കേന്ദ്രങ്ങളുടെ പാർക്കിംഗ് പ്രദേശങ്ങൾ തുടങ്ങിയവ പ്രത്യേകം സെക്ടറുകളായി തിരിച്ച് അസ്സിസ്റ്റന്റ് കമ്മീഷണർമാരുടെ നേതൃത്വത്തിലാണ് സുരക്ഷ ഒരുക്കിയിട്ടുള്ളത്. 5 അസ്സിസ്റ്റന്റ് കമ്മീഷണർമാർ, 7 ഇൻസ്പെക്ടർമാർ, 14 എസ്.ഐ-മാർ, 49 എ.എസ്.ഐ-മാർ, 156 വനിതാ പോലീസ് ഉദ്യോഗസ്ഥർ, 510 പോലീസ് ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടുന്ന പോലീസ് സേനയെയാണ് ഡ്യൂട്ടിയ്ക്കായി നിയോഗിച്ചിട്ടുള്ളത്. എല്ലാ സബ് ഡിവിഷനുകളിലും, പ്രശ്നബാധിതപ്രദേശങ്ങളിലും പ്രത്യേകം സ്ട്രൈക്കിംഗ് ഫോഴ്സുകളേയും വിന്യസിച്ചിട്ടുണ്ട്. നഗരത്തിൽ സംഘർഷസാധ്യത ഉള്ള എല്ലാ പ്രദേശങ്ങളിലും പ്രത്യേക പിക്കറ്റ് പോസ്റ്റുകളും, പട്രോളിംഗ് സംഘങ്ങളേയും നിയോഗിച്ചിട്ടുണ്ട്. കൌണ്ടിംഗ് ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ, അവശ്യസർവ്വീസ് ഉദ്യോഗസ്ഥർ, സ്ഥാനാർത്ഥികൾ, കൌണ്ടിംഗ് ഏജന്റുമാർ എന്നിങ്ങനെ പ്രത്യേക കൌണ്ടിംഗ് പാസ്സുകൾ അനുവദിച്ചിട്ടുള്ളവരെ മാത്രമേ കൌണ്ടിംഗ് സെന്ററുകൾക്ക് ഉള്ളിലേയ്ക്ക് പ്രവേശനം അനുവദിക്കുകയുള്ളൂ.

വോട്ടെണ്ണൽ കേന്ദ്രങ്ങളിലും മറ്റ് സ്ഥലങ്ങളിലും കോവിഡ് 19 മാനദണ്ഡങ്ങൾ പ്രത്യേകം പാലിക്കേണ്ടതും, പോലീസിന്റെ സുരക്ഷാക്രമീകരണങ്ങളോട് പരമാവധി സഹകരിക്കണമെന്നും, അല്ലാത്തപക്ഷം കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതാണെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു.

## അന്നേ ദിവസം വോട്ടെണ്ണൽ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക ഗതാഗതനിയന്ത്രണം

തിരുവനന്തപുരം :- 16.12.2020 തീയതി രാവിലെ 07.00 മണി മുതൽ വൈകുന്നേരം 03.00 മണിവരെ വോട്ടെണ്ണൽ കേന്ദ്രമായ നാലാഞ്ചിറ മാർ ഇവാനിയോസ് കോളേജ് ക്യാമ്പസ് പരിസരത്തും, കേശവദാസപുരം, പരുത്തിപ്പാറ, നാലാഞ്ചിറ, കുരിശ്ശടി, മണ്ണന്തല വരെയുള്ള എം.സി റോഡിലും ഗതാഗതനിയന്ത്രണവും, പാർക്കിംഗ് നിയന്ത്രണവും

ഉണ്ടായിരിക്കുന്നതാണെന്ന് ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

കേശവദാസപുരം, പരുത്തിപ്പാറ, നാലാഞ്ചിറ, കുരിശ്ശടി, വരെയുള്ള എം.സി റോഡിന് ഇരുവശവും അന്നേ ദിവസം ഒരു വാഹനങ്ങളും പാർക്ക് ചെയ്യുവാൻ അനുവദിക്കുന്നതല്ല.

ഇലക്ഷൻ കമ്മീഷന്റെ പാസ് ഇല്ലാത്ത ഒരു വാഹനവും മാർഇവാനിയോസ് കോളേജ് കാമ്പസിനുള്ളിലേക്ക് അന്നേ ദിവസം കടത്തിവിടുന്നതല്ല.

## നോ പാർക്കിംഗ് സ്ഥലങ്ങൾ

- കേശവദാസപുരം മുതൽ കുരിശ്ശടി ജംഗ്ഷൻ വരെയുള്ള എം.സി റോഡിന് ഇരുവശം
- നാലാഞ്ചിറ മാർഇവാനിയോസ് കോളേജ് മെയിൻ ഗേറ്റിന് ഇരുവശവും
- മണ്ണന്തല - മുക്കോല - പേരൂർക്കട റോഡ്
- കേശവദാസപുരം - ഉള്ളൂർ റോഡ്

## പാർക്കിംഗ് സ്ഥലങ്ങൾ

- മാർ ഇവാനിയോസ് കോളേജ് ഗ്രൗണ്ട് (സ്ഥാനാർത്ഥികളുടെയും ബൂത്ത് ഏജന്റുമാരുടേയും വാഹനങ്ങൾക്ക് മാത്രം)
- സർവോദയ സ്കൂൾ ഗ്രൗണ്ട് (ഉദ്യോഗസ്ഥരുടെ വാഹനങ്ങൾക്ക് മാത്രം)
- നാലാഞ്ചിറ സ്റ്റെപ്പ് ജംഗ്ഷൻ മുതൽ മണ്ണന്തല വരെയുള്ള റോഡിന്റെ പടിഞ്ഞാറുവശം

## വാഹനങ്ങൾ വഴി തിരിച്ച് വിടുന്ന സ്ഥലങ്ങൾ

എം.സി റോഡിൽ നിന്നും തിരുവനന്തപുരത്തേയ്ക്ക് വരുന്ന വാഹനങ്ങൾ മണ്ണന്തല നിന്നും തിരിഞ്ഞ് മുക്കോല, പേരൂർക്കട അമ്പലമുക്ക്, കവടിയാർ, വെള്ളയമ്പലം, വഴി പോകേണ്ടതാണ്.

കേശവദാസപുരം - കുരിശ്ശടി വരെയുള്ള റോഡിൽ ഗതാഗതതടസ്സം ഉണ്ടാകുന്ന പക്ഷം വെഞ്ഞാറമൂട് ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ കേശവദാസപുരം - ഉള്ളൂർ – ശ്രീകാര്യം - ചെമ്പഴന്തി - പോത്തൻകോട് വഴി തിരിച്ചുവിടുന്നതാണ്.

മേൽപ്പറഞ്ഞ റോഡുകളിലും, കൂടാതെ നഗരത്തിലെ പ്രധാനപ്പെട്ട ജംഗ്ഷനുകളിലും, കർശന പാർക്കിംഗ് നിയന്ത്രണം ഉണ്ടായിരിക്കുന്നതും, യാതൊരു കാരണവശാലും റോഡുകളിൽ മാർഗ്ഗതടസ്സം സൃഷ്ടിച്ച് വാഹനങ്ങൾ പാർക്ക് ചെയ്യുവാൻ പാടില്ലാത്തതുമാണ്. റോഡുകളിൽ മാർഗ്ഗതടസ്സം ഉണ്ടാകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

തിരുവനന്തപുരം സിറ്റി പോലീസിന്റെ മേൽപ്പറഞ്ഞ ഗതാഗതക്രമീകരണങ്ങളോട് പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കേണ്ടതുമാണെന്ന് തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ, ഡെപ്യൂട്ടി പോലീസ് കമ്മീഷണർ (ക്രമസമാധാനം) ഡോ.ദിവ്യ.വി.ഗോപിനാഥ് എന്നിവർ അറിയിച്ചിട്ടുള്ളതാണ്.

ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികളും നിർദ്ദേശങ്ങളും താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കാവുന്നതാണ്.

ഫോൺ നമ്പരുകൾ:- 0471-2558731 , 2558732

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (14-12-2020) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 332 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 79 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 231 പേരിൽ നിന്നും സാമൂഹികഅകലം പാലിക്കാത്ത 14 പേരിൽ നിന്നുമായി 1,22,500/- രൂപ പിഴ ഈടാക്കി. കൂടാതെ, കോവിഡ് സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 5 വാഹനങ്ങൾക്കെതിരെയും, മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ തുറന്ന് പ്രവർത്തിച്ച 3 കടകൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
14-12-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

**പബ്ലിക് റിലേഷൻസ് ഓഫീസർ**
**തിരുവനന്തപുരം സിറ്റി**